**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321** **08-06-2021 - ൽ മറുപടിയ്ക്ക്**

**വടകര സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടകര മിനി സിവിൽ സ്റ്റേഷനടുത്ത് ബുക്ക് ഡിപ്പോ പ്രവർത്തിച്ചിരുന്ന റവന്യൂ വകുപ്പിന്റെ ഭൂമിയിൽ വടകര സബ്ട്രഷറിക്കായി പണികഴിപ്പിക്കുവാൻ ആരംഭിച്ചിരുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വടകര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വെ നമ്പർ 69/3 എ 1 ൽ പെട്ട 9.8 സെൻറ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂവകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന്റെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെൻഡർ നടപടികളിലൂടെ കണ്ടെത്തണമെന്നും ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിന്റെ നിർമ്മാണചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രവർത്തിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | തുക വകയിരുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവർത്തിയുടെ നടത്തിപ്പിന് പ്രതിബന്ധങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | പുതിയതായി ടെൻഡർ നടപടികൾ കൈക്കൊണ്ട് നിർവ്വഹണ ഏജൻസിയെ കണ്ടെത്തി DPR തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തി ഉടനടി പൂർത്തിയാക്കിയാൽ സർക്കാരിന് വാടക ഇനത്തിൽ വലിയൊരു തുക | (ഇ) | നിലവിലുള്ള കെട്ടിടത്തിന് ഇതുവരെ വാടക നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി |

| | | | |
|---|---|---|---|
| | ലാഭിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | | കഴിഞ്ഞാൽ ഭാവിയിൽ വാടകയിനത്തിലുള്ള തുക ഒഴിവാക്കാൻ കഴിയുന്നതാണ്. |
| (എഫ്) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | നിർമ്മാണ പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഈ അവസരത്തിൽ പറയുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ